# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:24.06.2025**

### പ്രധാനവാർത്തകൾ

1) സമൂഹത്തിലെ എല്ലാത്തരം ഉച്ചനീചത്വങ്ങൾക്കുമെതിരെ പ്രവർത്തിച്ച മഹാനായ സാമൂഹിക പരിഷ്കർത്താവായിരുന്നു ശ്രീനാരായണ ഗുരുവെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

2) ഇറാൻ-ഇസ്രയേൽ വെടിനിർത്തൽ പ്രാബല്യത്തിൽ തുടരുമെന്ന് യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ്. ഇറാൻ വെടിനിർത്തൽ ലംഘിച്ചെന്ന ഇസ്രയേൽ ആരോപണത്തിന് പിന്നാലെയാണ് ട്രംപിൻറെ സ്ഥിരീകരണം.

3) അഹമ്മദാബാദ് വിമാനാപകടത്തിൽ മരിച്ച പത്തനംതിട്ട സ്വദേശിനി രഞ്ജിതയ്ക്ക് ജന്മനാടിൻറെ വിട. സംസ്കാര ചടങ്ങുകൾ വീട്ടുവളപ്പിൽ നടന്നു.

4) പിശക് പറ്റിയ പ്ലസ് ടു സർട്ടിഫിക്കറ്റുകൾക്ക് പകരം ഒറിജിനൽ സർട്ടിഫിക്കറ്റ് ഉടൻ വിതരണം ചെയ്യാൻ നിർദ്ദേശം നൽകി വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി

5) കെ എസ് ആർ ടി സി ചലോ ആപ്പ് ഉടൻ പുറത്തിറക്കുമെന്ന് ഗതാഗത മന്ത്രി കെ ബി ഗണേഷ് കുമാർ.

6) ലീഡ്സ് ക്രിക്കറ്റ് ടെസ്റ്റിൽ, ഇംഗ്ലണ്ടിന്റെ രണ്ടാം ഇന്നിങ്സ് ബാറ്റിങ്ങ് പുരോഗമിക്കുന്നു.

&&&&&&&&&&&&&&&&&&

RNU TVPM

## ഹെഡ് ലൈൻ - 1

## പ്രധാനമന്ത്രി-ഗുരു

സമൂഹത്തിലെ എല്ലാത്തരം ഉച്ചനീചത്വങ്ങൾക്കുമെതിരെ പ്രവർത്തിച്ച മഹാനായ സാമൂഹിക പരിഷ്കർത്താവായിരുന്നു ശ്രീനാരായണ ഗുരുവെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ഗുരുദർശനങ്ങൾ മനുഷ്യരാശിയ്ക്ക് ലഭിച്ച അതുല്യ സമ്പത്താണെന്നും ന്യൂഡൽഹിയിൽ ശ്രീനാരായണ ഗുരു - മഹാത്മാഗാന്ധി സമാഗമ ശതാബ്ദി ആഘോഷം ഉദ്ഘാടനം ചെയ്തുകൊണ്ട് പ്രധാനമന്ത്രി പറഞ്ഞു. ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന് എന്ന ആശയം, ഓരോ ജീവൻറെയും അടിസ്ഥാന തത്വമാണെന്ന് ഗുരുദേവൻ വിശ്വസിച്ചിരുന്നു. .എല്ലാവർക്കും ഒപ്പം, എല്ലാവർക്കും വികസനം, എന്ന ആശയം ശ്രീനാരായണ ദർശനങ്ങളിൽ അധിഷ്ഠിതമാണെന്നും പ്രധാനമന്ത്രി പറഞ്ഞു. ശിവഗിരി മഠം സംഘടിപ്പിച്ച പരിപാടിയിൽ കേന്ദ്രസഹമന്ത്രി ജോർജ്ജ് കുര്യൻ ,അടൂർ പ്രകാശ് എംപി, ശ്രീനാരായണ ധർമ്മ സംഘം ട്രസ്റ്റ് ഭാരവാഹികൾ തുടങ്ങിയവർ പങ്കെടുത്തു. . 1925 മാർച്ച് 12ന് മഹാത്മാഗാന്ധി ശിവഗിരി മഠം സന്ദർശിച്ച വേളയിലാണ് ചരിത്രപ്രസിദ്ധമായ കൂടിക്കാഴ്ച നടന്നത്.

RNU TVPM

&&&&&&&&&&&&&&&&&&

## ഹെഡ് ലൈൻ - 2

## ഇറാൻ - ഇസ്രായേൽ വെടിനിർത്തൽ

ഇറാൻ-ഇസ്രയേൽ വെടിനിർത്തൽ പ്രാബല്യത്തിൽ തുടരുമെന്ന് യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ്. ഇറാനെതിരെ ഇസ്രായേൽ ആക്രമണം നടത്തില്ലെന്നും എല്ലാ സൈനിക വിമാനങ്ങളെയും ഇസ്രായേൽ മടക്കിവിളിച്ചതായും ട്രംപ് വ്യക്തമാക്കി. ഇറാൻ വെടിനിർത്തൽ ലംഘിച്ചതായി ഇസ്രായേൽ പ്രതിരോധ സേന ആരോപിച്ചതിന് പിന്നാലെയാണ് ട്രംപ് ഇക്കാര്യം വ്യക്തമാക്കിയത്. ഇറാൻ മിസൈൽ ആക്രമണങ്ങൾ തുടരുന്ന സാഹചര്യത്തിൽ പ്രത്യാക്രമണം നടത്തുമെന്നും ഇസ്രായേൽ പ്രതിരോധ മന്ത്രി അറിയിച്ചിരുന്നു. എന്നാൽ

വെടിനിർത്തൽ ലംഘിച്ചെന്ന ഇസ്രയേലിന്റെ ആരോപണം ഇറാൻ നിഷേധിച്ചു. വെടിനിർത്തൽ പ്രാബല്യത്തിൽ വന്നതായി ഇറാനും ഇസ്രായേലും സ്ഥിരീകരിച്ചതിന് പിന്നാലെയാണ് വെടിനിർത്തൽ ലംഘനം സംബന്ധിച്ച വാർത്തകളും പുറത്തുവന്നത്.

&&&&&&&&&&&&&&&&&&

<u>ഹെഡ് ലൈൻ - 3</u>

<u>**രഞ്ജിത (ഇൻട്രോ)**</u>

അഹമ്മദാബാദ് വിമാനാപകടത്തിൽ മരിച്ച പത്തനംതിട്ട പുല്ലാട് സ്വദേശിനി രഞ്ജിതയ്ക്ക് വിട ചൊല്ലി ജന്മനാട്.
സംസ്കാരചടങ്ങുകൾ വീട്ടുവളപ്പിൽ നടന്നു. പുല്ലാട് ശ്രീ വിവേകാനന്ദ ഹൈസ്കൂളിൽ നടന്ന പൊതുദർശനത്തിൽ ആയിരങ്ങളാണ് അന്ത്യാദരം അർപ്പിക്കാൻ എത്തിയത്.

<u>***വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ....***</u>
<u>***(വോയിസ്)***</u>

RNUTVPM

&&&&&&&&&&&&&&&&&&

<u>ഹെഡ് ലൈൻ - 4</u>

<u>**വി ശിവൻകുട്ടി**</u>

പിശക് പറ്റിയ രണ്ടാം വർഷ ഹയർ സെക്കൻഡറി സർട്ടിഫിക്കറ്റുകൾക്ക് പകരം ഒറിജിനൽ സർട്ടിഫിക്കറ്റ് വിദ്യാർത്ഥികൾക്ക് ഉടൻ വിതരണം ചെയ്യാൻ നിർദ്ദേശം നൽകി വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി. സംഭവത്തിൽ അന്വേഷണത്തിനും മന്ത്രി നിർദ്ദേശം നൽകി. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ നടന്ന യോഗത്തിലാണ് തീരുമാനം. പിശകുള്ള സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തിട്ടുണ്ടെങ്കിൽ, പുതിയ സർട്ടിഫിക്കറ്റ് സ്കൂളിൽ എത്തുന്ന മുറയ്ക്ക് ഇവ വിദ്യാർഥികളിൽ നിന്ന് തിരികെ വാങ്ങി പകരം സർട്ടിഫിക്കറ്റ് അനുവദിക്കണമെന്നും മന്ത്രി നിർദേശിച്ചു.

&&&&&&&&&&&&&&&&&&

## ഹെഡ് ലൈൻ - 5

## കെ എസ് ആർ ടി സി (ഇൻട്രോ)

കെ എസ് ആർ ടി സി ചലോ ആപ്പ് ഉടൻ പുറത്തിറക്കുമെന്ന് ഗതാഗത മന്ത്രി കെ ബി ഗണേഷ് കുമാർ. ബസിലെ സീറ്റ് ലഭ്യത ഉൾപ്പെടെ പരിശോധിക്കാൻ കഴിയുന്ന ആപ്പ് ആറ് ഭാഷകളിലാണ് പുറത്തിറക്കുക. സ്റ്റുഡൻറ് കൺസഷൻ കാർഡുകൾ സ്മാർട്ട് കാർഡുകളാക്കുമെന്നും ഇതിലൂടെ ഒരു മാസം 25 ദിവസം യാത്ര ചെയ്യാനാകുമെന്നും മന്ത്രി വ്യക്തമാക്കി. കെഎസ്ആർടിസി ട്രാവൽ കാർഡിന് വലിയ സ്വീകാര്യതയാണ് ലഭിച്ചിട്ടുള്ളത്. വിളിച്ചാൽ ഫോണെടുക്കുന്നില്ലെന്ന പരാതിക്ക് പരിഹാരമായി എല്ലാ ഡിപ്പോകളിലും മൊബൈൽ ഫോണുകൾ നൽകുമെന്നും മന്ത്രി അറിയിച്ചു.

(ഹോൾഡ് വോയ്സ്.............)

അംഗപരിമിതർക്കും മാധ്യമപ്രവർത്തകർക്കും പ്രത്യേക സ്മാർട്ട് കാർഡ് വരുമെന്നും ശ്രീ കെ ബി ഗണേഷ് കുമാർ അറിയിച്ചു. കെഎസ്ആർടിസിയിൽ ഇനി ഓഫീസിൽ ഇരുന്നുള്ള ജോലി ആരോഗ്യ പ്രശ്നമുള്ളവർക്ക് മാത്രമാക്കുമെന്നും മന്ത്രി പറഞ്ഞു.

RNUTVPM

&&&&&&&&&&&&&&&&&&

## ബോധപൂർണ്ണിമ

ലഹരിമുക്ത കേരളം എന്ന ലക്ഷ്യത്തോടെ ഉന്നതവിദ്യാഭ്യാസ വകുപ്പ് നടപ്പാക്കുന്ന 'ബോധപൂർണ്ണിമ' സംസ്ഥാനതല കർമ്മപദ്ധതിയ്ക്ക് മറ്റന്നാൾ തുടക്കമാവും. സംസ്ഥാനത്തെ കലാലയങ്ങളെ ലഹരിയുടെ പിടിയിൽ നിന്ന് മോചിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സാങ്കേതിക, കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റുകളുടെ ആഭിമുഖ്യത്തിൽ വിപുലമായ പ്രചാരണ പരിപാടികളാണ് ഒരുക്കിയിരിക്കുന്നത്. ലഹരിവിരുദ്ധ ദിനമായ ജൂൺ 26-ന് കലാലയങ്ങളിൽ ലഹരിവിരുദ്ധ പ്രതിജ്ഞ നടക്കും.

&&&&&&&&&&&&&&&&&&

## സംവിധാൻ ഹത്യ ദിവസ്

1975 ജൂൺ 25ന് രാജ്യത്ത് അടിയന്തരാവസ്ഥ പ്രഖ്യാപിച്ചതിന്റെ സ്മരണാർത്ഥം രാജ്യം നാളെ സംവിധാൻ ഹത്യ ദിവസ് ആചരിക്കും. അടിയന്തരാവസ്ഥക്കാലത്ത് കടുത്ത പീഡനങ്ങൾ നേരിടേണ്ടി വന്നവർക്കുള്ള ആദരവായാണ് കേന്ദ്രസർക്കാർ കഴിഞ്ഞ വർഷം മുതൽ ദിനാചരണം സംഘടിപ്പിച്ചു വരുന്നത് . വ്യക്തി സ്വാതന്ത്ര്യത്തിൻറെയും, ജനാധിപത്യത്തിൻറെയും മഹത്തായ മൂല്യങ്ങൾ സമൂഹത്തെ ഓർമപ്പെടുത്തുന്നതിന് കൂടിയാണ് ദിനാചരണം.

&&&&&&&&&&&&&&&&&&

## ഗവർണർ

അടിയന്തരാവസ്ഥയെക്കുറിച്ച് ഗോവ ഗവർണർ പി. എസ്. ശ്രീധരൻ പിള്ള എഴുതിയ പുസ്തകങ്ങളുടെ പ്രകാശന ചടങ്ങിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ മുഖ്യാതിഥിയായി പങ്കെടുത്തു. അടിയന്തരാവസ്ഥ എന്താണെന്ന് യുവ ജനങ്ങളിൽ പലർക്കും അറിയില്ലെന്നും, പുസ്തകങ്ങളുടെ പ്രാധാന്യം ഇത് വ്യക്തമാക്കുന്നതായും ശ്രീ ആർലേക്കർ പറഞ്ഞു. ആന്ധ്രാ പ്രദേശ് ഗവർണർ എസ് അബ്ദുൾ നസീർ ചടങ്ങിൽ സന്നിഹിതനായി.

RNU TVPM

&&&&&&&&&&&&&&&&&&

## വി.എസ്. അച്യുതാനന്ദൻ

ഹൃദയാഘാതത്തെ തുടർന്ന് തിരുവനന്തപുരത്തെ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന മുൻ മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻറെ ആരോഗ്യനിലയിൽ നേരിയ പുരോഗതിയെന്ന് മെഡിക്കൽ ബുള്ളറ്റിൻ. മുഖ്യമന്ത്രി പിണറായി വിജയൻ അദ്ദേഹത്തെ ഇന്ന് ആശുപത്രിയിൽ സന്ദർശിച്ചു. ആരോഗ്യനില മോശമായതിനെ തുടർന്ന് ഇന്നലെയാണ് അദ്ദേഹത്തെ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

&&&&&&&&&&&&&&&&&&

## തെങ്ങു വീണ് അപകടം

കോഴിക്കോട് തിരുവമ്പാടി പൊന്നാങ്കയം എസ് എൻ എം എ യു പി സ്കൂളിനു മുകളിൽ തെങ്ങു വീണ് അപകടം. രണ്ട് ക്ലാസ് റൂമുകളും അടുക്കളയും സ്ട്രോംഗ് റൂമും തകർന്നു. ഇന്ന് രാവിലെ സ്കൂൾ സമയം ആരംഭിക്കുന്നതിന് മുൻപായതിനാൽ ആളപായമുണ്ടായില്ല.

&&&&&&&&&&&&&&&&&&

## മാസാചരണത്തിൽ വേറിട്ട കാഴ്ച (ഇൻട്രോ)

തുല്യതാ ക്ലാസ്സിലൂടെ അക്ഷരം പഠിച്ച് അറിവ് സമ്പാദിച്ച കണ്ണൂർ ചെങ്ങളായി തോപ്പിലായി സ്വദേശിനി പി ജാനകി 44 കവിതകളുടെ സമാഹാരവുമായി വായനാ മാസാചരണത്തിൽ വേറിട്ട കാഴ്ചയാകുകയാണ്. **ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ തയ്യാറാക്കിയ റിപ്പോർട്ട്.....**

RNU TVPM

&&&&&&&&&&&&&&&&&&

## ഹജ്ജ്

കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി മുഖേന ഇക്കുറി ഹജ്ജ് തീർത്ഥാടനത്തിന് പോയ തീർത്ഥാടകരുടെ മടക്കയാത്ര നാളെ മുതൽ ആരംഭിക്കും. കോഴിക്കോട് എംബാർക്കേഷൻ പോയിന്റിൽ നിന്നുള്ള തീർത്ഥാടകരാണ് ആദ്യം മടങ്ങി എത്തുന്നത്. കൊച്ചിയിൽ നിന്നുള്ള തീർത്ഥാടകർ മറ്റന്നാൾ മുതലും, കണ്ണൂരിൽ നിന്നും യാത്രയായ തീർത്ഥാടകർ ഈ മാസം 30 മുതലുമാണ് തിരിച്ചെത്തുന്നത്. മൂന്ന് പുറപ്പെടൽ കേന്ദ്രങ്ങൾ വഴി 16,482 തീർത്ഥാടകരാണ് ഇത്തവണ വിശുദ്ധ ഹജ്ജ് കർമ്മത്തിനായി യാത്രയായത്.

&&&&&&&&&&&&&&&&&&

## റോഷി അഗസ്റ്റിൻ

കേരളത്തിലെ ഡാമുകളുടെ സംഭരണികൾക്ക് ചുറ്റും 20 മീറ്റർ നിയന്ത്രിത മേഖല ഏർപ്പെടുത്തണമെന്ന കോടതി

നിർദേശത്തിൽ അഭിപ്രായങ്ങൾ സമർപ്പിക്കുന്നതിനായി മന്ത്രി റോഷി അഗസ്റ്റിൻറെ നേതൃത്വത്തിൽ സർവകക്ഷി യോഗം ചേർന്നു. ജനങ്ങൾക്ക് ബുദ്ധിമുട്ട് ഇല്ലാത്ത വിധത്തിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നിർദേശങ്ങൾ നൽകുന്നതിനായാണ് യോഗം ചേർന്നത്.

&&&&&&&&&&&&&&&&&&

ഹെഡ് ലൈൻ - 5

ക്രിക്കറ്റ്

ലീഡ്സ് ക്രിക്കറ്റ് ടെസ്റ്റിൻറെ അഞ്ചാം ദിനത്തിൽ, ഇംഗ്ലണ്ടിന്റെ രണ്ടാം ഇന്നിങ്സ് ബാറ്റിങ്ങ് പുരോഗമിക്കുന്നു. ഒടുവിൽ വിവരം ലഭിക്കുമ്പോൾ ഇംഗ്ലണ്ട് വിക്കറ്റൊന്നും നഷ്ടപ്പെടാതെ 139 റൺസ് എന്ന നിലയിലാണ്. 232 റൺസ് കൂടിയാണ് ഇംഗ്ലണ്ടിന് വിജയിക്കാൻ വേണ്ടത്. ഇന്ത്യയുടെ രണ്ടാം ഇന്നിംഗ്സ് ഇന്നലെ 364 റൺസിന് അവസാനിച്ചിരുന്നു. ഒന്നാം ഇന്നിങ്സിൽ ആറ് റൺസിന്റെ ലീഡാണ് ഇന്ത്യയ്ക്കുള്ളത്.

&&&&&&&&&&&&&&&&&&

RNU TVPM

മഴ

സംസ്ഥാനത്ത് അടുത്ത അഞ്ചു ദിവസം ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. എട്ട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കർണാടക തീരത്ത് മറ്റന്നാൾ വരെ മത്സ്യബന്ധനത്തിന് പോകരുതെന്നാണ് നിർദേശം. കേരള, ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് തടസ്സമില്ല. കണ്ണൂർ, കാസർഗോഡ് തീരങ്ങളിൽ ഇന്ന് രാത്രി വരെ ഉയർന്ന തിരമാലയ്ക്കും, കടലാക്രമണത്തിനും സാധ്യതയുള്ളതിനാൽ പ്രത്യേക ജാഗ്രത പാലിക്കണം.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&